**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2258

08.05.2017-ൽ മറുപടിയ്ക്ക്

**തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷനും നിർമ്മാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ ഏത് ഏജൻസിയാണ് നടത്തുന്നത്; ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | തീരദേശ ഹൈവേയുടെ സാധ്യതാ പഠനം നാറ്റ്പാക് ആണ് നടത്തുന്നത്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഫൈനൽ അലൈൻമെന്റും ജില്ലാതല റൂട്ട് വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ ഏത് ഏജൻസി യെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പദ്ധതി രേഖ എന്നത്തേക്ക് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയും എന്നറിയിക്കാമോ; | (ബി) | തീരദേശ ഹൈവേയുടെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് നാറ്റ്പാക് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് സർക്കാർ തീരുമാനമായിട്ടില്ല. പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖാന്തിരം ഡി.പി.ആർ കിഫ്ബിയ്ക്ക് സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കു വാൻ കഴിയും; ഇതിനായി എന്ത് തുക ആവശ്യമായി വരുമെന്നും തീരദേശ ഹൈവേ നിർമ്മാണം എന്ന് പൂർത്തീ കരിക്കാൻ കഴിയുമെന്നും അറിയിക്കുമോ? | (സി) | നാറ്റ്പാക്കിന്റെ റിപ്പോർട്ട് പ്രകാരം 655.60 കി.മീ. തീരദേശ പാതയുടെ നിർമ്മാണത്തിനായി 6048 കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പാതയുടെ പദ്ധതി രേഖ അന്തിമമായി തയ്യാറാക്കിയതിനു ശേഷം മാത്രമേ നിർമ്മാണം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നൽകുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ